# Malayala Manorama
# 24 August 2018
# Kannur ; Fraud



# പ്രളയ ദുരിതാശ്വാസത്തിന്റെ പേരിൽ പണപ്പിരിവ്: മൂന്നുപേർ അറസ്റ്റിൽ

**മനോരമ ലേഖകൻ**

കണ്ണൂർ ● മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എന്ന പേരിൽ പണപ്പിരിവു നടത്തിയതിനു മൂന്നുപേർ അറസ്റ്റിൽ. പെരളശ്ശേരി മൂന്നുപെരിയ കൃഷ്ണ നിവാസിൽ കെ.പി.ഋഷഭ് (27), കക്കാട് കുഞ്ഞിപ്പള്ളി നിച്ചുവയൽ ആഷിയാനയിൽ വി.എൻ. സഫ്വാൻ (26), കക്കാട് കുഞ്ഞിപ്പള്ളി സുബൈദ മൻസിലിൽ പി.എൻ.മുഹമ്മദ് ഇർഫാൻ (23) എന്നിവരാണ് പിടിയിലായത്. പൊലീസ് മൈതാനിയിൽ മേളയ്ക്കിടെ പിരിവു നടത്തുകയായിരുന്ന സംഘത്തെ ടൗൺ എസ്ഐ ശ്രീജിത്ത് കൊടേരിയുടെ നേതൃത്വത്തിലാണ് അറസ്റ്റ് ചെയ്തത്. ഇവരുടെ പക്കലുണ്ടായിരുന്ന ബക്കറ്റിൽ നിന്ന് 3540 രൂപ കണ്ടെത്തി. സർക്കാരിനെയും പൊതുജനങ്ങളെയും വഞ്ചിച്ച കുറ്റത്തിനാണ് (സെക്ഷൻ 420) ഇവർക്കെതിരെ കേസ്.

മദ്യപിക്കാനാണു പണം സ്വരൂപിച്ചതെന്നു പ്രതികൾ പറഞ്ഞതായി പൊലീസ് അറിയിച്ചു. കഴിഞ്ഞ ദിവസം താവക്കര ബവ്റിജസ് കടയിൽ മദ്യം വാങ്ങാനെത്തിയപ്പോൾ ഋഷഭ് ആണു തട്ടിപ്പ് ആസൂത്രണം ചെയ്തത്.
രത്തിലെ ജനത്തിരക്കിൽ ര
ബക്കറ്റുകളുമായി പിരിവിന്
ങ്ങുകയായിരുന്നു. സംശ
തോന്നിയവർ പൊലീസിൽ വ
രം അറിയിച്ചു. മഫ്ടിയിലെ
യ പൊലീസ് ചോദ്യം ചെ
പ്പോൾ ചില ക്ലബ്ബുകളുടെ
കൾ പറഞ്ഞെങ്കിലും അവ വ്യ
മാണെന്നു പൊലീസിനു മന
ലായി. കഞ്ചാവു കടത്തൽ,
ച്ചുപറി, അടിപിടി എന്നിവയ്
ഋഷഭ്, സഫ്വാൻ എന്നിവര
പേരിൽ വളപട്ടണം, ചക്കരക്ക
കണ്ണൂർ ടൗൺ പൊലീസ് സ്റ്റേ
നുകളിൽ നേരത്തേ കേസുക
ണ്ട്. ഗൾഫിലായിരുന്ന ഇർഫ
നാലു മാസം മുൻപാണു നാട്ടി
ത്തിയത്.

പ്രളയ ദുരിതാശ്വാസത്തിന്റെ പേരിലുള്ള വ്യാജപിരിവിനിടെ കണ്ണൂർ ടൗൺ പൊലീസിന്റെ പിടിയിലായ കെ.പി.ഋഷഭ്, വി.എൻ.മുഹമ്മദ് ഇർഫാൻ, പി.എൻ.സഫ്വാൻ എന്നിവർ.